# 913

ഹന്ത! മനോഹരമെന്തു മനോഹരം!
മോശെയും കുഞ്ഞാടും പാടുന്നിതു

1 മോശെയുടെ പഴവീണയതും വെളിപ്പാടിലെ യോഹന്നാൻ വീണയതും
ഒന്നിച്ചു യോജിച്ചു പാടുന്ന പാട്ടിതു കേൾക്കുന്നവർക്കമിതാനന്ദമേ-

2 മോശെ പ്രമാണത്തിൻ സാദൃശ്യമായന്നു കാണിച്ച കാര്യങ്ങളൊക്കെയിതാ
ആശാവിളനിലമായൊരുഷസ്സിതിൽ കാണുന്നടുത്തു മുൻകണ്ടപോലെ-

3 തേജസ്സിൻ ദർശനം വിശ്വാസദൃഷ്ടിക്കു കാണുംവിധം തളിഞ്ഞിടുന്നിതു
തേജസ്സുടയൊരു രാജാവു സർവ്വവും നൂതനമാക്കുന്നു സന്തോഷമേ-

4 എത്രവലിയതുമത്ഭുതമായതും സർവ്വശക്തൻ തന്റെ വ്യാപാരങ്ങൾ
നീതിയും സത്യവുമുള്ളവയെന്നതു സമ്മതിക്കുന്നടിയങ്ങളിതാ-

5 ആരു നിന്നെ ഭയന്നിടാതിരുന്നിടും ലോകൈക നാഥനേ! നിൻവഴികൾ
നേരുള്ളവയതാൽ ജാതികൾ സർവ്വരും
വാഴ്ത്തി സ്തുതിച്ചിടും നിൻവിധികൾ-

6 ശുദ്ധിമാന്മാരുടെ സംഘമേ! നിങ്ങടെ ശബ്ദമുയർന്നിതു പാടിടട്ടെ!
ധാത്രി കുലുങ്ങട്ടെ! ദൈവത്തിൻ വീണകൾ ഉച്ചസ്തുതികളെ നൽകിടട്ടെ!

7 എത്ര നൂറ്റാണ്ടുകൾ തന്തിയിഴന്നൊരു ദൈവത്തിൻ വീണയാം വേദമിതാ
കമ്പി മുറുക്കിയേ മേളം ശരിയാക്കിയേകസ്വരം മുഴക്കിടുന്നിതാ-

8 മാധുര്യമേറുമീ നാദം ധരണിയിലെങ്ങും മുഴങ്ങിടുന്നേരം ജനം
ഹർഷാകുലന്മാരായ് യോജിച്ചു പാടിയങ്ങാനന്ദമൂർത്തികളായിടുമേ- K.V.S.